അനുസ്മരണം ●
ഫസൽ കാതിക്കോട്

# ആദർശങ്ങൾക്ക് സമർപ്പിതമായ ജീവിതം

**തൃശൂർ** ജില്ലയിലെ തലമുതിർന്ന ജമാഅത്ത് അംഗം മതിലകം പി.കെ ബാവു ഹാജി(90) അല്ലാഹുവിലേക്ക് യാത്രയായി - ഇന്നാലില്ലാഹ്. ആദർശത്തിന്റെ അണുവിട തെറ്റാത്ത അനുഗാമി, സ്വാതന്ത്ര്യസമര സേനാനി, സഹജീവിസ്നേഹി, സ്റ്റാമ്പ് ശേഖരണ കുതുകി. ബാവുഹാജി വ്യത്യസ്തമായ അഭിരുചികളുടെ ഉടമയായിരുന്നു. അതിനനുസരിച്ച് രൂപപ്പെടുത്തിയ ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. ചെന്നിടത്തെല്ലാം അദ്ദേഹം തന്റെ വ്യക്തിമുദ്ര പതിച്ചു. മതിലകം പ്രദേശത്ത് അദ്ദേഹം പ്രസ്ഥാനത്തിന്റെ പ്രതിരൂപം തന്നെയായിരുന്നു.

മതിലകം പുതിയകാവ് പിച്ചത്തറ കുഞ്ഞമ്മുവിന്റെയും ബീവിയുടെയും മകനായി 1918-ലാണ് അദ്ദേഹം ജനിച്ചത്. വിദ്യാഭ്യാസത്തിനു ശേഷം ഏതാനും വർഷം പുതിയകാവ് എ.എം.യു.പി സ്കൂളിൽ അധ്യാപകനായി ജോലി ചെയ്തു. അത് ഉപേക്ഷിച്ചാണ് അദ്ദേഹം ബോംബെയിലേക്ക് വണ്ടികയറിയത്. അവിടെ ബ്രിട്ടീഷ് അധീനതയിലുള്ള ഇന്ത്യൻ നേവിയിൽ സൈനികനായി. ഇന്ത്യക്കാരായ 'സിപായി'മാരെ ഇന്ത്യൻ ഡോഗ്സ് എന്നാണ് മേലുദ്യോഗസ്ഥർ അഭിസംബോധന ചെയ്തിരുന്നതെന്ന് അദ്ദേഹം അനുസ്മരിച്ചിട്ടുണ്ട്. ആട്ടും തുപ്പുമേറ്റ് കഴിയുന്നതിനിടയിലാണ് ക്വിറ്റ് ഇന്ത്യാ സമരത്തോടനുബന്ധിച്ചുള്ള ജോലി ബഹിഷ്കരണത്തിന് ഇന്ത്യൻ നാഷനൽ കോൺഗ്രസ് ആഹ്വാനം ചെയ്യുന്നത്. അദ്ദേഹവും സഹപ്രവർത്തകരും സമരത്തിൽ പങ്കെടുത്ത് പണിമുടക്കി. മറ്റൊരു അതിസാഹസത്തിനു കൂടി അവർ മുതിർന്നു. ജോലിചെയ്തിരുന്ന കപ്പൽ അവർ ഉൾക്കടലിൽ കൊണ്ടുപോയി നങ്കൂരമിട്ടു. കപ്പലുമായി തിരിച്ചുവരാൻ പരിഭ്രാന്തരായ ബ്രിട്ടീഷുകാർ അവരോട് നിരന്തരമായി ആവശ്യപ്പെട്ടെങ്കിലും വഴങ്ങിയില്ല. അവസാനം നാവികനേതൃത്വം മൗലാനാ അബുൽ കലാം ആസാദ്, ജവഹർലാൽ നെഹ്റു തുടങ്ങിയവരുമായി ബന്ധപ്പെട്ട് സഹായാഭ്യർഥന നടത്തി. അവരുടെ അഭ്യർഥന മാനിച്ചു കപ്പൽ തിരിച്ചുകൊണ്ടുവന്നു. കപ്പലിലെ ഉന്നതോദ്യോഗസ്ഥർക്ക് സൈനിക നേതൃത്വം ആദ്യമേ മാപ്പുകൊടുത്തിരുന്നു. എന്നാൽ താഴ്ന്ന ജോലിക്കാരെ ശിക്ഷാവിധിക്കു വിധേയമാക്കുമെന്ന് ബോധ്യമായപ്പോൾ അവരെല്ലാവരും ചേർന്ന് കപ്പലിലെ ലൈഫ് ബോട്ടിൽ കയറി ബ്രിട്ടീഷുകാർക്ക് പിടികൊടുക്കാതെ രക്ഷപ്പെടുകയാണുണ്ടായത്.


*പി.കെ ബാവുഹാജി*

കുറെക്കാലം ഒളിവിൽകഴിഞ്ഞ ശേഷം വീണ്ടും ജോലിതേടി ബോംബെയിൽ തന്നെയാണെത്തിയത്. തുടർന്നും രാഷ്ട്രീയ പ്രവർത്തനങ്ങളിൽ പങ്കാളിയായി. മുസ്‌ലിം ലീഗ്, ഫോർത്ത് പാർട്ടി എന്നിവയുടെ സജീവ പ്രവർത്തകനായി മാറിയ അദ്ദേഹം കുറെക്കാലം കമ്യൂണിസ്റ്റ് പ്രസ്ഥാനത്തിലും പ്രവർത്തിച്ചു. ബോംബെയിലും പൂനയിലും വിവിധ ജോലികൾ ചെയ്ത് അറുപതുകളുടെ അവസാനത്തിലാണ് നാട്ടിൽ തിരിച്ചെത്തിയത്.

പൂനയിൽ കഴിയുന്ന കാലത്താണ് മൗദൂദി സാഹിത്യങ്ങളുമായി പരിചയപ്പെടുന്നത്. ഇസ്‌ലാമികാദർശങ്ങളിൽ ഉറച്ചുനിന്നുകൊണ്ടുതന്നെ സ്വാതന്ത്ര്യ സമരത്തെ സംബന്ധിച്ച് മുസ്‌ലിം ജനസാമാന്യത്തിൽനിന്ന് വ്യത്യസ്തമായ വീക്ഷണം പുലർത്തുകയും വിഭജനത്തെ എതിർക്കുകയും ചെയ്ത മൗലാനാ മൗദൂദിയുടെ ചിന്തകൾ അദ്ദേഹത്തെ ആകർഷിച്ചു. ഇക്കാലത്തു തന്നെ കമ്യൂണിസ്റ്റ് ആശയങ്ങളുമായി വിടചൊല്ലിയിരുന്നു. തുടർന്ന് ജമാഅത്തെ ഇസ്‌ലാമിയുടെ സജീവ പ്രവർത്തകനായിത്തീർന്നു.

ബോംബെയിൽനിന്ന് തിരിച്ചെത്തിയ ശേഷം വിവിധ ജോലികളിലേർപ്പെട്ടെങ്കിലും ഒന്നിലും ഉറച്ചുനിൽക്കാൻ സാധിച്ചില്ല. അക്കൂട്ടത്തിൽ എടുത്തുപറയേണ്ട ഒന്നാണ് കൊച്ചിയിൽ വൈക്കം മുഹമ്മദ് ബഷീർ നടത്തിയിരുന്ന ബുക്സ്റ്റാളിൽ സെയിൽസ്മാനായി ജോലി ചെയ്തത്.

എഴുപതുകളുടെ ആദ്യത്തിൽ ഗൾഫിലെത്തിയ അദ്ദേഹം അൽഐനിൽ ഡിഫൻസ് സർവീസിലാണ് ജോലി ചെയ്തിരുന്നത്. ചിന്തിക്കുന്ന ചെറുപ്പക്കാരിൽ ഇന്ത്യൻ സ്വാതന്ത്ര്യ സമര പ്രസ്ഥാനം ഉണർത്തിവിട്ട മൂല്യബോധവും കർമാവേശവും ഇസ്‌ലാമിക പ്രസ്ഥാനത്തിലെത്തിയപ്പോൾ അദ്ദേഹത്തിൽ കൂടുതൽ നന്നായി പ്രതിഫലിച്ചു. ഗൾഫിൽ അദ്ദേഹം തൊഴിലന്വേഷകരുടെയും പ്രയാസപ്പെടുന്നവരുടെയും അത്താണിയായിരുന്നു. അവിടെ വെച്ച് ഒട്ടേറെ പേരെ പ്രസ്ഥാന വൃത്തത്തിലേക്ക് കൊണ്ടുവരാൻ അദ്ദേഹത്തിന് സാധിച്ചു.

സ്വന്തമായൊരു പ്രിന്റിംഗ് പ്രസ് തുടങ്ങണമെന്ന മോഹവുമായാണ് എൺപതുകളുടെ ആദ്യത്തിൽ നാട്ടിൽ തിരിച്ചെത്തിയത്. അപ്പോഴാണ് *മാധ്യമം* ദിനപത്രം തുടങ്ങാൻ വേണ്ടി ഷെയറുകൾ നൽകണമെന്ന് പ്രസ്ഥാനം ആവശ്യപ്പെടുന്നത്. പ്രസിനുവേണ്ടി കരുതിവെച്ച മുഴുവൻ തുകയും *മാധ്യമ*ത്തിൽ ഷെയറായി നൽകിയ അദ്ദേഹം പ്രദേശത്തെ ആദ്യത്തെ *മാധ്യമം* ഏജന്റായി മാറി. *മാധ്യമ*ത്തിന്റെ ബാലാരിഷ്ടതകളിൽ അതിന്റെ പ്രചാരണത്തിനുവേണ്ടി ഏറെ കഷ്ടപ്പാടുകൾ അനുഭവിച്ചു. പത്രക്കെട്ടുകൾ എടുക്കാൻ വേണ്ടി നേരം പുലരും മുമ്പ് കാത്തുനിൽക്കുന്ന കുട്ടികൾക്കിട

>> യിൽ താടിയും തലമുടിയും നരച്ച ആ എഴുപതുകാരനും നിൽക്കുന്നത് നാട്ടുകാർക്ക് വിസ്മയക്കാഴ്ചയായിരുന്നു. അതിന്റെ പേരിൽ '*മാധ്യമം* ബാവുക്ക'യെന്ന പേരും ലഭിച്ചു. ട്രസ്റ്റ് സെക്രട്ടറിയായിരുന്ന സിദ്ധീഖ് ഹസ്സൻ സാഹിബ് *മാധ്യമ*ത്തെ നിലനിർത്താൻ പണമന്വേഷിച്ച് പലപ്പോഴും അദ്ദേഹത്തിനടുത്തെത്തുമായിരുന്നു. ഉടനെ അദ്ദേഹം വണ്ടിയുമെടുത്തിറങ്ങും. നാട്ടിലെ ധനാഢ്യരിൽനിന്ന് പണം കടം വാങ്ങാൻ അദ്ദേഹത്തിന്റെ വിപുലമായ സൗഹൃദങ്ങൾ ഏറെ പ്രയോജനം ചെയ്തിരുന്നു.

അഗതി സഹായത്തിൽ അദ്ദേഹം സ്വന്തം പാത തന്നെ തുറന്നിരുന്നു. ആരും കാണാത്തവരെ കണ്ടെത്തി ആരുമറിയാതെ സഹായിച്ചു. അവരെ നിരന്തരമായി സന്ദർശിക്കുന്നത് സ്വഭാവമാക്കി. കോളനികളിലും ദരിദ്രർ താമസിക്കുന്ന ഇടങ്ങളിലും അദ്ദേഹം സുപരിചിതനായിരുന്നു. ഒരിക്കൽ ഒരു ഇടവഴിയിൽ വണ്ടിനിർത്തി വേഗം നടന്നുപോയ അദ്ദേഹത്തിന്റെ പിന്നാലെ ചെന്ന സുഹൃത്തിന് കാണാൻ കഴിഞ്ഞത് രണ്ടു സ്ത്രീകൾ തളർവാതം പിടിച്ചു കിടക്കുന്ന വീട്ടിൽ സഹായം നൽകുകയും ആശ്വസിപ്പിക്കുകയും ചെയ്യുന്നതായിരുന്നു.

ആദർശത്തിനുവേണ്ടി മർദനം സഹിക്കേണ്ട സാഹചര്യവും ഒരിക്കൽ അദ്ദേഹത്തിനുണ്ടായി. സുഹൃത്തിന്റെ മകളുടെ വിവാഹത്തിന് മലയാള ഖുത്ബ നടത്തിയതിന്റെ പേരിൽ തർക്കമുണ്ടായപ്പോൾ സുഹൃത്തിനുവേണ്ടി നിലകൊണ്ടതിനാൽ എഴുപതു വയസ്സു കഴിഞ്ഞ അദ്ദേഹത്തെ ഹൈവേയിൽ വെച്ചൊരാൾ വണ്ടി തടഞ്ഞുനിർത്തി വലിച്ചിറക്കി മർദിക്കുകയായിരുന്നു. പ്രതിയെ പോലീസ് പിടിക്കുകയും കുറ്റക്കാരനെന്ന് കണ്ടെത്തുകയും ചെയ്തെങ്കിലും അയാളെ വെറുതെവിടാൻ അഭ്യർഥിക്കുകയാണ് ബാവുസാഹിബ് ചെയ്തത്.

തൊണ്ണൂറു വയസ് കഴിഞ്ഞെങ്കിലും മരണത്തിന്റെ തലേന്നാൾവരെ സ്വയം വാഹനമോടിച്ച് സഞ്ചരിക്കുകയും താൻ നടത്തിയിരുന്ന ചെറിയ ബുക്സ്റ്റാൾ തുറക്കുകയും വ്യായാമം നടത്തുകയും ഡയറി എഴുതുകയും ചെയ്തിരുന്നു എന്നത് പുതുതലമുറക്ക് വിസ്മയകരമായ അറിവായിരിക്കും.

അവസാന നിമിഷത്തിലും അദ്ദേഹത്തിൽ പ്രസ്ഥാന ബോധമാണ് മുന്നിട്ടുനിന്നത്. പ്രസ്ഥാനം ഏൽപിച്ച അനേകം കളക്ഷനുകൾക്ക് പുറമെ *പ്രബോധന*ത്തിൽ വന്ന സഹായാഭ്യർഥനകൾക്ക് കൂടി പണം പിരിച്ചയക്കണമെന്നാണ് അവസാനത്തെ ഹൽഖായോഗത്തിൽ അദ്ദേഹം ആവശ്യപ്പെട്ടത്. ആശുപത്രിയിൽ പോകുന്ന വഴി നെഞ്ചുവേദനയിൽ പുളയുമ്പോഴും അദ്ദേഹം ചോദിച്ചത് ബീഹാർ റിലീഫ് ഫണ്ടിന്റെ പുരോഗതിയെക്കുറിച്ചായിരുന്നു.

പ്രദേശത്തെ ഏക ജമാഅത്ത് പ്രവർത്തകനായിരുന്ന അദ്ദേഹത്തിന് ഇരുപതിലേറെ അംഗങ്ങളുള്ള നല്ലൊരു ഹൽഖ വളർത്തിയെടുക്കാനും 'തണൽ' സാംസ്കാരിക കേന്ദ്രം, പലിശ രഹിത നിധി തുടങ്ങിയ സ്ഥാപനങ്ങൾ ഉണ്ടാക്കാനും സാധിച്ചു. അദ്ദേഹത്തിന്റെ ജനാസയിൽ വമ്പിച്ചൊരു ജനാവലിയാണ് പങ്കെടുത്തത്. മഹല്ലിന്റെ ആശയങ്ങളുമായി അഭിപ്രായവ്യത്യാസമുള്ള ആളായിട്ടുകൂടി മഹല്ല് കമ്മിറ്റിയുടെ ആഭിമുഖ്യത്തിൽ അനുസ്മരണ സമ്മേളനം സംഘടിപ്പിച്ചത് അദ്ദേഹത്തിന്റെ വ്യക്തി വൈശിഷ്ട്യത്തിന്റെ സാക്ഷ്യമായിരുന്നു. അല്ലാഹു അദ്ദേഹത്തിന്റെ കർമങ്ങൾക്ക് അർഹമായ പ്രതിഫലം നൽകുമാറാകട്ടെ. ■